# SUMMATIVE ASSESSMENT - I [2012-2013]
# CLASS: X – MALAYALAM 2ND LANGUAGE
## മലയാളം

Time allowed: 3 hrs | M.Marks: 90

*അനുവദിച്ച സമയം: 3 മണിക്കൂർ* | *ആകെ മാർക്ക്: 90*

General Instructions:

- Please check that this question paper contains 4 printed pages.
- Please check that this question paper contains 6 questions
- Please write down the Serial Number of the question before attempting it.
- The Question Paper is divided in to four sections:-
  Section A:Reading Comprehension – 10 marks
  Section B:Writing – 14 marks
  Section C:Grammar – 18 marks
  Section D: Literature – 48 marks

## SECTION-A/ എ. വിഭാഗം (10 Marks)

I ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

കുട്ടികളുടെ നാടകവേദിയെപ്പറ്റി പറയുമ്പോൾ ഈ സവിശേഷതകളാണ് ആദ്യമായി ഓർക്കേണ്ടത്. ഒരു നാടകവേദിക്ക് മൂന്ന് ഘടകങ്ങളുണ്ട്. ഒന്ന്: നാടകകൃത്ത് അഥവാ കൃതി. രണ്ട്: അരങ്ങ് അല്ലെങ്കിൽ അവിടെ വ്യാപരിക്കുന്ന നടീനടന്മാർ. മൂന്ന്: പ്രേക്ഷകർ. ഇതിൽ ഏതൊരു നാടകവേദിയുടെയും മുഖ്യസ്വഭാവം വെളിപ്പെടുത്തുന്നത് ഒടുവിൽ പറഞ്ഞ ഘടകമാണ്, പ്രേക്ഷകർ. മുതിർന്നവരുടേതു പോലെ കുട്ടികളുടെ നാടകത്തെ സംബന്ധിച്ചും ഏറ്റവും മുഖ്യമായ ഘടകം സദസ്സു തന്നെ – കുട്ടികളുടെ പ്രേക്ഷകസദസ്സ്. ആ സദസ്സിന് ആസ്വദിക്കാൻ കഴിയുന്ന ഒരു നാടകം മാത്രമേ കുട്ടികളുടെ നാടകമാകൂ. കുട്ടികളുടെ മനസ്സറിയാൻ കഴിയുന്ന ഒരാളിനു മാത്രമേ അവർക്കുവേണ്ടിയുള്ള നാടകമെഴുതാൻ കഴിയൂ.

(1) നാടകവേദിക്ക് പ്രധാനമായി എത്ര ഘടകങ്ങളുണ്ട്? ഏതെല്ലാം? 2

(2) “ആ സദസ്സിന് ആസ്വദിക്കാൻ കഴിയുന്ന നാടകം മാത്രമേ കുട്ടികളുടെ നാടകമാകൂ.” – ഏതു സദസ്സിന്? 2

(3) നാടകവേദിയുടെ മുഖ്യമായ സ്വഭാവം വെളിപ്പെടുത്തുന്ന ഘടകമേത്? 2

(4) എങ്ങനെയുള്ള എഴുത്തുകാർക്കാണ് കുട്ടികളുടെ നാടകമെഴുതാൻ സാധിക്കുന്നത്? 2

(5) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. 2

## SECTION-B/ ബി. വിഭാഗം (14 Marks)

II (1) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 7

(1) സ്കൂൾ സാഹിത്യസമാജം കൊണ്ടുള്ള നേട്ടങ്ങൾ

(2) പ്രകൃതിസംരക്ഷണത്തിൻെറ പ്രാധാന്യം

(3) വിവരസാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ

(2) ശക്തമായ മഴകൊണ്ടുണ്ടായ നാശനഷ്ടത്താൽ ദുരിതമനുഭവിക്കുന്ന പ്രദേശവാസികൾക്കു സഹായം ലഭ്യമാക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർക്ക് ഒരു കത്ത് തയ്യാറാക്കുക. 7

## SECTION-C/ സി. വിഭാഗം (18 Marks)

III (a) (1) പ്രയോഗം മാറ്റുക 1

ആചാര്യൻ കൃഷിവൃത്തിയുടെ സാമൂഹികമായ അടിസ്ഥാനവും സ്വഭാവവും വിശദീകരിച്ചു.

(2) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. 1

റിയലിസത്തിൻെറയും ആധുനികതയുടെയും പ്രകൃതിസങ്കല്പത്തെ ബഷീർ അങ്ങനെ തിരസ്കരിച്ചു.

(3) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 1

നീ തേന്മാവുമായിച്ചേർന്നിരിക്കുകയാണെങ്കിലും എനിക്ക് ഇങ്ങോട്ടു വന്നിട്ടുള്ള ചെറുതലക്കൈകൾ കൊണ്ട് പ്രത്യാലിംഗനം തരണേ!

(4) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 1

കൃഷി എത്രമാത്രം ശുദ്ധവും ശ്രേഷ്ഠോത്തമവും ജീവദായകവുമായ ഒരു തൊഴിലായി അന്നു ഗണിച്ചു കണക്കാക്കപ്പെട്ടിരുന്നുവെന്ന് ഇതിൽ നിന്നൊക്കെ തെളിയുന്നുണ്ടല്ലോ.

(b) a. പര്യായപദങ്ങൾ എടുത്തെഴുതുക (2 x 1 = 2)

1. ജീവൻ

(പുണ്യം, ചേതന, പ്രാണൻ, നിർമ്മലം)

2. കുയിൽ

(മയൂരം, പികം, കോകിലം, പങ്കജം)

b. നാനാർത്ഥപദങ്ങൾ എടുത്തെഴുതുക (2 x 1 = 2)

1. ശമി

(ചമത, മുടക്കം, താമസം, സംന്യാസി)

2. അന്നം

(കുറവ്, ആഹാരം, ദാരിദ്ര്യം, അരയന്നം)

c. വിപരീതപദം എഴുതുക (2 x 1 = 2)

1. ജനം

(സജനം, ഒഴിവ്, വിജനം, സദസ്സ്)

2. ഒടുക്കം

(അവസാനം, തുടക്കം, അന്ത്യം, ആദ്യന്തം)

d. പദങ്ങളുടെ അർത്ഥവ്യത്യാസം എടുത്തെഴുതുക (2 x 1 = 2)

1. കാനനം–ആനനം

(മുഖം, മനസ്സ്, കാട്, കണ്ണാടി)

2. വേപം–കോപം

(കൗതുകം, ദേഷ്യം, വിറയൽ, ചൂട്)

e. എതിർലിംഗം എഴുതുക (2 x 1 = 2)

1. ധീരൻ

(അധീരൻ, ധൈര്യവാൻ, ധീര, ഭീരു)

2. പതി
(ഭർത്താവ്, പത്നി, കാന്തൻ, കണവൻ)

(c) a. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക (2 x 1 = 2)
1. ഗുണോദാരൻ
2. യാത്രാവസരം

b. വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക (2 x 1 = 2)
1. ലളിതജീവിതം
2. ജനസംഘം

## SECTION-D/ ഡി. വിഭാഗം ( 48 Marks)

IV. (1) ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (8 x ½ = 4)
1. ചൂതത്തൊടൊത്തു വിളങ്ങിയത്
(തേന്മാവ്, മാകന്ദം, അനസൂയ, നവമാലിക)
2. മലയാളശാകുന്തളത്തിന്റെ കർത്താവ്
(കാളിദാസൻ, ഏ.ആർ.രാജരാജവർമ, കേരളവർമ്മ, ഭാസൻ)
3. പ്രകൃതിയുമായി ആചാരാനുസരണമുള്ള ജീവിതമാണ് മതങ്ങൾ വിവക്ഷിക്കുന്നതെന്ന് ക്രൈസ്തവമായ അർത്ഥത്തിൽ പറഞ്ഞത്
(മാത്യു അർനോൾഡ്, ഷേക്സ്പിയർ, ടി. എസ്. എലിയറ്റ്, ബഷീർ)
4. 'സിംബോളിക് കവി' എന്നു നിരൂപകന്മാർ വിശേഷിപ്പിക്കുന്നത് ആരെയാണ്?
(ജി. ശങ്കരക്കുറുപ്പ്, ഏ.ആർ.രാജരാജവർമ്മ, കാളിദാസൻ, ഇടശ്ശേരി)
5. 'അർത്ഥശാസ്ത്ര'ത്തിന്റെ കർത്താവ്
(കുറ്റിപ്പുഴ കൃഷ്ണപിള്ള, കൗടല്യൻ, ഭാമഹൻ, കാളിദാസൻ)
6. "ദേഹമിന്നതിൻ ചൂടിൽദ്ദഹിച്ചാൽ ദഹിക്കട്ടെ"– ഇങ്ങനെ വിചാരിച്ചതാര്?
(ശകുന്തള, സൂര്യകാന്തി, സൂര്യൻ, മുല്ലവള്ളി)
7. പ്രകൃതിയെക്കുറിച്ചു മാത്രമല്ല, പ്രകൃതിക്കുവേണ്ടിയും സംസാരിക്കുന്ന കഥയാണ്
(ജന്മദിനം, ബാല്യകാലസഖി, പൂവമ്പഴം, ഭൂമിയുടെ അവകാശികൾ)
8. 'കിളിപ്പാട്ടു പ്രസ്ഥാന'ത്തിന്റെ ഉപജ്ഞാതാവ്
(കുഞ്ചൻ നമ്പ്യാർ, ചെറുശ്ശേരി, എഴുത്തച്ഛൻ, രാമപുരത്തു വാര്യർ)

V. ഉത്തരമെഴുതുക

(1) a. ബഷീർ തന്റെ നിസ്സംഗതയിലും തുല്യാവകാശവാദത്തിലും ഉറച്ചു നിൽക്കുന്നുവെന്ന് ലേഖകൻ സൂചിപ്പിക്കാനിടയായ സാഹചര്യം എഴുതുക. 4

b. "താനേ തൊണ്ട നനയ്ക്കയില്ലെവൾ നനച്ചീടാതെയീ നിങ്ങളെ–
ത്താവും കൗതുകമെങ്കിലും കരുണയാൽ പൊട്ടിച്ചിടാ പല്ലവം;
പൂരിക്കുന്നിതെവൾക്കു നിങ്ങൾ പുതുതായ് പൂക്കുന്ന നാളുത്സവം
പൂകുന്നു പതിഗേഹമായവളിതാ! നൽകീടുവിൻ സമ്മതം!"
പല്ലവത്തെപ്പോലും നോവിക്കാത്തതാര്? സന്ദർഭവും ആശയവും വിശദമാക്കുക. 4

c. പ്രാചീനകാലത്ത് നിലവിലുണ്ടായിരുന്ന കാർഷികവ്യവസ്ഥകൾ വിശദമാക്കുക. 4

d "പുകകൊണ്ടു കണ്ണു മറഞ്ഞിരുന്നുവെങ്കിലും ഹോതാവ് ഹോമിച്ചത് ഭാഗ്യവശാൽ അഗ്നിയിൽത്തന്നെ പതിച്ചു." ആര് ആരോടു പറയുന്ന വാക്കുകളാണിത്? സന്ദർഭം കാണിച്ച് വിശദമാക്കുക. 4

(2) a. സൂര്യകാന്തിക്കും സൂര്യനും കവി നൽകിയ വിശേഷണങ്ങൾ എന്തെല്ലാം? അവ തമ്മിൽ പ്രകടമായ വൈരുദ്ധ്യം കാണുന്നില്ലേ? ഈ വൈരുദ്ധ്യം നിലനിൽക്കുമ്പോഴും അവയെ ഒന്നിപ്പിക്കുന്നതെന്താണ്? 4

b. "ഇത്ഥമാകർണ്യ ഞാൻ ദമ്പതിമാർപദം
ഭക്ത്യാ നമസ്കരിച്ചെത്രയും ഭീതനായ്
വൃത്താന്തമെല്ലാമറിയിച്ചിതന്നേരം."
ഭീതനായതാര്? അറിയിച്ച വൃത്താന്തം എന്തായിരുന്നു? 4

c. തെക്കൻ കാറ്റടിച്ച് ഭൂമിയിൽ അടർന്നുവീണുകിടക്കുന്ന സൂര്യകാന്തിയുടെ നിറം മങ്ങിയ ശരീരം കാണുമ്പോൾ സൂര്യൻ എപ്രകാരം വിഷാദിക്കുമെന്നാണു കരുതുന്നത്? 4

d. ദമ്പതിമാരുടെ അടുത്ത് സംഭ്രമത്തോടെയെത്തിയ ദശരഥൻ കേട്ടതെന്തായിരുന്നു? 4

VI ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (2 x 6 = 12)

1. മരണത്തിലേക്കുള്ള യാത്രയാണു തൻേറതെന്ന് അപ്പുവിനു തോന്നിയതെപ്പോൾ?
2. അപ്പുവിൻെറ മഞ്ചൽയാത്ര ചുരുക്കി വിവരിക്കുക.
3. മൈതാനമദ്ധ്യത്തിൽ വളർന്നു നിൽക്കുന്ന മരത്തിൻെറ പ്രത്യേകതകൾ എന്തെല്ലാം?